**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1349** **10-10-2024 - ൽ മറുപടിയ്ക്ക്**

**മാനേജ്മെന്റ്ഷിപ്പ് കൈമാറുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മാനേജ്മെന്റ് സ്കൂളുകളിൽ മാനേജ്മെന്റ്ഷിപ്പ് മറ്റൊരാൾക്ക് കൈമാറുമ്പോൾ കേരള എഡ്യൂക്കേഷൻ റൂൾസ് പ്രകാരം പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | മാനേജ്മെന്റ് സ്കൂളുകളിൽ മാനേജ്മെന്റ്ഷിപ്പ് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് കേരള എഡ്യൂക്കേഷൻ റൂൾസ് അധ്യായം IIIചട്ടം 5 -ലും കേരള എഡ്യൂക്കേഷൻ ആക്റ്റ് സെക്ഷൻ 6 -ലുമാണ് പ്രതിപാദിച്ചിട്ടുള്ളത്.<br><br>ചട്ടം 5. മാനേജ്മെന്റ് മാറ്റം - (1) എയ്ഡഡ് സ്ഥാപനങ്ങളിൽ മാനേജർമാരുടെ മാറ്റങ്ങൾ ഉണ്ടാകുമ്പോൾ ഉടൻതന്നെ എഡ്യൂക്കേഷണൽ ഓഫീസറെ അറിയിച്ച് അംഗീകാരം നേടേണ്ടതാണ്.<br><br>[ചട്ടം 5A. ഉടമസ്ഥാവകാശം മാറ്റുന്നതുകൊണ്ടുള്ള മാനേജ്മെന്റ് മാറ്റം -<br><br>(1) ഡയറക്ടറുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ, ഉടമസ്ഥാവകാശം മാറ്റുന്നതുകൊണ്ടുള്ള മാനേജ്മെന്റ് മാറ്റം, ഒരു എയ്ഡഡ് സ്കൂളിനെ സംബന്ധിച്ചും നടപ്പിലാക്കാൻ പാടില്ല. ഇപ്രകാരമുള്ള മാറ്റം, തന്റെ അഭിപ്രായത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനും ജീവനക്കാരുടേയും മാനേജ്മെന്റ് ഏൽക്കുന്ന വ്യക്തിയുടേയും താൽപര്യങ്ങളെ പ്രതികൂലമായി ബാധിക്കില്ലെന്ന് ബോധ്യപ്പെട്ടാൽ, പൊതുവിദ്യാഭ്യാസ വകുപ്പ ഡയറക്ടർക്ക് ഇപ്രകാരം അനുവാദം നൽകാവുന്നതാണ്.<br><br>(2) ഒന്നാം ഉപവകുപ്പനുസരിച്ച് നൽകുന്ന ഉത്തരവിന്മേൽ പരാതിയുള്ള ഏതു വ്യക്തിയ്ക്കും, ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം, ഗവൺമെന്റിന് അപ്പീൽ നൽകാവുന്നതാണ്.]<br><br>കേരള എഡ്യൂക്കേഷൻ ആക്റ്റ് സെക്ഷൻ-6:- എയ്ഡഡ് വിദ്യാലയങ്ങളുടെ വസ്തുവകകൾ അന്യാധീനപ്പെടുത്തുന്നതു സംബന്ധിച്ചുള്ള നിയന്ത്രണം- |

| | | | |
|---|---|---|---|
| | | | (1) തത്സമയം നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു എയ്ഡഡ് വിദ്യാലയത്തിലെ ഏതെങ്കിലും വസ്തു സംബന്ധിച്ച് യാതൊരു വില്പനയും പണയവും, പാട്ടച്ചാർത്തും, ഈടും, ബാധ്യതയും അല്ലെങ്കിൽ കൈവശക്കൈമാറ്റവും, ഗവൺമെന്റ് ഈ ആവശ്യാർത്ഥം അധികാരപ്പെടുത്തിയിരിക്കുകയും, ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ഓഫീസറുടെ പദവിക്കു താഴെയല്ലാതിരിക്കുകയും ചെയ്യുന്ന ഒരു ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതി കൂടാതെ, സൃഷ്ടിക്കുകയോ, നടത്തുകയോ ചെയ്യാൻ പാടുള്ളതല്ല. |
| (ബി) | പ്രസ്തുത ചട്ടം പാലിക്കാതെയാണ് മാനേജ്മെന്റ്ഷിപ്പ് കൈമാറിയതെങ്കിൽ പിന്നീടുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ? | (ബി) | ചട്ടം പാലിക്കാതെയാണ് മാനേജ്മെന്റ്ഷിപ്പ് കൈമാറിയതെങ്കിൽ, ആയതിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് വ്യവസ്ഥകൾ നിലവിലില്ല. അതിനാൽ സർക്കാരിന് ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട എല്ലാ രേഖകളും ഉൾപ്പെടുത്തിയിരിക്കുന്ന പക്ഷം പ്രത്യേകം പ്രത്യേകമായി പരിശോധിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ